# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – 2008-09 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ട് - കണ്ണൂർ നഗരസഭ - ഖണ്ഡിക 3.6.10 – ഒരു ലക്ഷം ഭവന പദ്ധതി - KUDFC-ന് അടയ്ക്കാനുള്ള തുക തനതു ഫണ്ടിൽ നിന്നും അടവാക്കി റവന്യൂ റിക്കവറി നടപടി ഒഴിവാക്കിയ നഗരസഭയുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ) നം. 1409/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 13/05/15

പരാമർശം:- നഗരകാര്യ ഡയറക്ടറുടെ 09/07/2014-ലെ എഫ്2/9417/14-ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിലെ കണ്ണൂർ നഗരസഭയെ സംബന്ധിച്ച ഖണ്ഡിക 3.6.10 പ്രകാരം ഒരു ലക്ഷം ഭവന പദ്ധതി നടപ്പിലാക്കാനായി നഗരസഭയിലെ സി.ഡി.എസ്, കെ.യു.ഡി..എഫ്.സിയിൽ നിന്നും എടുത്ത ലോൺ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വന്നപ്പോൾ റവന്യൂ റിക്കവറി നടപടികൾ ഉണ്ടാവുകയും കുടിശ്ശിക തുകയായ 9,03,134/-രൂപയും കളക്ഷൻ ചാർജ്ജായി 45,157/- രൂപയും കൂടി ചേർത്ത് 9,48,291/- (ഒമ്പത് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി, ഇരുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) രൂപ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ഒടുക്കിയ നഗരസഭയുടെ നടപടി ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ കണ്ണൂർ നഗരസഭാ കൗൺസിലിന്റെ 31/01/2013-ലെ 68-ാം നമ്പർ തീരുമാനം സഹിതം സർക്കാർ സാധൂകരണം നൽകുന്നതിനായി കണ്ണൂർ നഗരസഭ നഗരകാര്യ ഡയറക്ടർ മുഖേന പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ളത് തീരപ്രദേശങ്ങളിലെ നിർദ്ധനരായ മത്സ്യത്തൊഴിലാളികളുൾപ്പടെയുള്ള 80 കുടുംബങ്ങൾക്കാണെന്നും ടിയാളുകൾ വായ്പകൾ തിരിച്ചടക്കാത്തതിനാൽ നഗരസഭയ്ക്കെതിരെ KUDFC റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിനാൽ അടിയന്തിര സാഹചര്യത്തിൽ നഗരസഭയ്ക്ക് തനത് ഫണ്ടിൽ നിന്ന് കുടിശ്ശിക തുകയായ 9,48,291/- (ഒമ്പത് ലക്ഷത്തി

നാല്പത്തിയെട്ടായിരത്തി, ഇരുനൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) രൂപ അടയ്ക്കേണ്ടി വരികയായിരുന്നു എന്ന കൗൺസിൽ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. KUDFC-യ്ക്ക് വേണ്ടി അടയ്ക്കാനുള്ള തുക തനത് ഫണ്ടിൽ നിന്നും അടവാക്കി റവന്യൂ റിക്കവറി നടപടി ഒഴിവാക്കിയ നഗരസഭയുടെ നടപടിയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കണ്ണൂർ മുനിസിപ്പാലിറ്റി
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ